"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ്- ഗുരുവായൂർ ക്ഷേത്രം - നിലവിലെ ഗോശാല പൊളിച്ചുമാറ്റി പുതിയ കെട്ടിടം നിർമ്മിക്കുന്നത്- ആവശ്യമായ പാർക്കിംഗ് ക്ഷേത്ര കോംപൗണ്ടിൽ ഏർപ്പെടുത്തുന്നതിന് കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019, ചട്ടം 3(4) പ്രകാരം ഇളവ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ആർബി) വകുപ്പ്

G.O.(Rt)No.1430/2023/LSGD തീയതി,തിരുവനന്തപുരം, 13-07-2023

---

പരാമർശം:-
1. ഗുരുവായൂർ ദേവസ്വം അഡ്മിനിസ്ട്രേറ്ററുടെ 11.05.2023 ലെ E2-2957/2017 നമ്പർ കത്ത്
2. ജില്ലാ ടൗൺപ്ലാനറുടെ 27.05.2023 ലെ TCPTSR/426/2023-C2 നമ്പർ കത്ത്
3. ചീഫ് ടൗൺപ്ലാനറുടെ 19.06.2023 ലെ LSGD/PD/14764/2023-TCPA1 നമ്പർ കത്ത്

<u>ഉത്തരവ്</u>

ഗുരുവായൂർ ക്ഷേത്രത്തിലെ നിലവിലുള്ള ഗോശാല പുതുക്കി പണിയുന്നതിനായി ഗുരുവായൂർ മാസ്റ്റർ പ്ലാൻ പ്രകാരം ചീഫ് ടൗൺ പ്ലാനറുടെ കൺകറൻസിനായി സമർപ്പിച്ച പ്ലാനുകളിൽ ക്ഷേത്രത്തോട് ചേർന്ന് തിരക്കേറിയ സ്ഥലത്ത് നൽകിയ പാർക്കിംഗ് യൂണിറ്റുകൾ പ്രായോഗികമല്ലെന്ന് കണ്ടെത്തിയതിനെ തുടർന്ന് ഗുരുവായൂർ നഗരസഭയിൽ ഗുരുവായൂർ വില്ലേജിൽ റീ സർവ്വേ നമ്പർ 96, 97, 98, 99, 107, 110, 111, 112 എന്നിവയിലുൾപ്പെടുന്ന 714.0156 ആർ സ്ഥലത്ത് നിലവിലുള്ള അമ്പലവും അനുബന്ധ കെട്ടിടങ്ങളും സ്ഥിതി ചെയ്യുന്ന ഗുരുവായൂർ ദേവസ്വത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തെ ഗോശാല പൊളിച്ചുമാറ്റി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് കേരളാ മുനിസിപ്പാലിറ്റി ബിൽഡിങ് റൂൾസ്, 2019-ലെ ചട്ടം 29 അനുസരിച്ച് ക്ഷേത്രകോമ്പൗണ്ടിൽ നൽകേണ്ട പാർക്കിംഗ് ഏരിയയിൽ, കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 3(4) പ്രകാരം ഇളവ് ലഭ്യമാക്കുന്നതിന് ഗുരുവായൂർ ദേവസ്വം അഡ്മിനിസ്ട്രേറ്റർ പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ഗുരുവായൂർ ക്ഷേത്ര ആചാരാനുഷ്ഠാനങ്ങളോടനുബന്ധിച്ച ക്ഷേത്ര പൂജാവിധികളനുസരിച്ച് ക്ഷേത്രശുദ്ധികർമ്മങ്ങൾക്കും പൂജാകർമ്മങ്ങൾക്കു അത്യാവശ്യമായ ഗോമൂത്രം,

ശ്രീകോവിലിനകത്തേക്കുള്ള പാൽ, വെണ്ണ, നെയ്യ് എന്നിവയുടെ ലഭ്യത സുഗമമാക്കുന്നതിനാണ് നിലവിലുള്ള ഗോശാല പൊളിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നത് എന്ന് പരാമർശം (1) ലെ അപേക്ഷയിൽ അറിയിച്ചിട്ടുണ്ട്.

2) ഗോശാലയുടെ പുനർനിർമ്മാണം മാത്രമാണ് പുതിയ നിർമ്മാണമെങ്കിലും കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 3 (1) (d) -യിലെ ഒന്നാം പ്രോവിസോ പ്രകാരം ഗുരുവായൂർ ക്ഷേത്രം ഉൾപ്പെടെ നിലവിലുള്ള എല്ലാ കെട്ടിടങ്ങൾക്കും ആവശ്യമായ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തേണ്ടതുണ്ട്. ക്ഷേത്ര കോമ്പൗണ്ടിനുള്ളിൽ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തിക്കൊണ്ടുള്ള പ്ലാൻ സമർപ്പിച്ചിരുന്നെങ്കിലും തിരക്കേറിയ ക്ഷേത്ര കോമ്പൗണ്ടിനുള്ളിൽ പാർക്കിംഗ് നൽകുന്നതിന്റെ അപ്രായോഗികത കണക്കിലെടുത്ത് ആയത് അംഗീകരിക്കാൻ കഴിയുന്നതല്ലായെന്നും ഗുരുവായൂർ നഗരസഭയുടെയും ദേവസ്വത്തിന്റെയും പാർക്കിംഗ് സൗകര്യങ്ങൾ ബഹുഭൂരിഭാഗവും ഉപയോഗിക്കുന്നത് ക്ഷേത്രത്തിലേക്കുള്ള തീർത്ഥാടകർ തന്നെയാണെന്ന വസ്തുത കണക്കിലെടുക്കുമ്പോൾ, ചട്ടപ്രകാരം ആവശ്യമായതിലേറെ പാർക്കിംഗ് സൗകര്യങ്ങൾ ക്ഷേത്രകോമ്പൗണ്ടിനു തൊട്ടു വെളിയിലായി ലഭ്യമാണെന്ന് പരാമർശം (2) പ്രകാരം ജില്ലാ ടൗൺ പ്ലാനർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) ഗുരുവായൂർ ദേവസ്വം, ഗുരുവായൂർ നഗരസഭ, ജില്ലാ ടൗൺ പ്ലാനിങ് ഓഫീസ് ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് സംയുക്തമായി ക്ഷേത്രകോമ്പൗണ്ടിന് വെളിയിലായി നഗരസഭയുടെയും ദേവസ്വത്തിന്റെയും ഉടമസ്ഥതയിൽ ക്ഷേത്ര പരിസരത്ത് ലഭ്യമായ പാർക്കിംഗ് സൗകര്യങ്ങൾ സർവ്വേ ചെയ്ത് തിട്ടപ്പെടുത്തിയതിൽ നിർദ്ദിഷ്ട ഗോശാല കെട്ടിടം ഉൾപ്പെടെ നിലവിലുള്ള എല്ലാ കെട്ടിടങ്ങൾക്കും ചേർന്ന് 1505 കാർ പാർക്കിംഗ് യൂണിറ്റുകളും 1882 ഇരുചക്രവാഹന പാർക്കിംഗ് യൂണിറ്റുകളും ആവശ്യമാണെന്നും ക്ഷേത്രപരിസരത്തായി കോമ്പൗണ്ടിനു വെളിയിലായി നഗരസഭയുടെയും ദേവസ്വത്തിന്റെയും ഉടമസ്ഥതയിൽ മാത്രം ആകെ 2571 കാർ പാർക്കിംഗ് യൂണിറ്റുകളും 2186 ഇരുചക്രവാഹന പാർക്കിംഗ് യൂണിറ്റുകളും 53 ബസ് പാർക്കിംഗ് യൂണിറ്റുകളും ലഭ്യമാണെന്നും കണ്ടെത്തിയിട്ടുണ്ടെന്നും ഈ കാര്യങ്ങൾ പരിഗണിച്ച്, ഗുരുവായൂർ ക്ഷേത്രകോമ്പൗണ്ടിനുള്ളിലെ ദേവസ്വത്തിന്റെ നിർമ്മാണങ്ങൾക്ക് KMBR, 2019 ചട്ടം 29 പ്രകാരം ആവശ്യമായ പാർക്കിംഗ് സൗകര്യങ്ങൾ ക്ഷേത്രകോമ്പൗണ്ടിനുള്ളിൽ ഏർപ്പെടുത്തണമെന്ന കാര്യത്തിൽ കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019, ചട്ടം 3(4) പ്രകാരം ഇളവ് നൽകാവുന്നതാണെന്ന് പരാമർശം (3) പ്രകാരം ചീഫ് ടൗൺപ്ലാനറും ശിപാർശ ചെയ്തിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചീഫ് ടൗൺപ്ലാനറുടെ പരാമർശം (3) ലെ ശിപാർശയുടെ അടിസ്ഥാനത്തിൽ, ഗുരുവായൂർ നഗരസഭയിൽ ഗുരുവായൂർ വില്ലേജിൽ റീ സർവ്വേ നമ്പർ 96, 97, 98, 99, 107, 110, 111, 112 എന്നിവയിലുൾപ്പെടുന്ന 714.0156 ആർ സ്ഥലത്തെ, അമ്പലവും അനുബന്ധ കെട്ടിടങ്ങളും സ്ഥിതി ചെയ്യുന്ന ഗുരുവായൂർ ദേവസ്വത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത്, നിലവിലുള്ള ഗോശാല പൊളിച്ചുമാറ്റി പുതിയ കെട്ടിടം നിർമ്മിക്കുന്നതിൽ, ആവശ്യമായ പാർക്കിംഗ് ക്ഷേത്ര കോംപൗണ്ടിനുള്ളിൽ ഏർപ്പെടുത്തണമെന്ന കാര്യത്തിൽ കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019, ചട്ടം 3(4) പ്രകാരം ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
H MUHAMMED FAISAL
DEPUTY SECRETARY

പകർപ്പ്:
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ചീഫ് ടൗൺപ്ലാനർ, തിരുവനന്തപുരം
ജില്ലാ ടൗൺപ്ലാനർ, തൃശ്ശൂർ
സെക്രട്ടറി, ഗുരുവായൂർ മുൻസിപ്പാലിറ്റി
അഡ്മിനിസ്ട്രേറ്റർ, ഗുരുവായൂർ ദേവസ്വം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ(പ്രസിദ്ധീകരണത്തിനായി )
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Suja S K
Date: 15-07-2023 16:35:35
സെക്ഷൻ ഓഫീസർ